പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 932 30/10/2019 ൽ മറുപടിക്ക്

## അലഞ്ഞ് തിരിയുന്ന നായ്ക്കൾ

ചോദ്യം

**ശ്രീ. എൻ .എ.നെല്ലിക്കുന്ന്:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് അലഞ്ഞ് തിരിയുന്ന നായ്ക്കൾ എത്രയുണ്ടെന്നുള്ള കണക്ക് മൃഗസംരക്ഷണവകുപ്പിന്റെ പക്കലുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) | **2012** ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് **2.9** ലക്ഷം തെരുവ് നായ്ക്കളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട് |
| ബി) | ഈ നായ്ക്കൾ പൊതുജനങ്ങളുടെ പ്രത്യേകിച്ച് സ്കൂൾ കുട്ടികളുടെ ജീവന് ഭീഷണിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) | ഉണ്ട്. സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി നായ്ക്കളുടെ വന്ധീകരണ പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് തെരുവ്നായ്ക്കളുടെ വന്ധീകരണത്തിനായി പ്രാദേശികമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. കുടുംബശ്രീ യൂണിറ്റുകളാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായ നായ്ക്കളുടെ ക്യാച്ചിംഗ്, പരിപാലനം, തിരികെ കൊണ്ടുവിടൽ എന്നിവ ചെയ്ത് വരുന്നത്. മൃഗസംരക്ഷണ വകുപ്പ് നായ്ക്കളിലെ വന്ധീകരണ ശസ്ത്രക്രിയ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകി വരുന്നു. |
| സി) | അലഞ്ഞ് തിരിയുന്ന നായ്ക്കളിൽ കാണുന്ന ത്വക്ക് രോഗങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നും ഇത്തരം നായ്ക്കൾ പൊതുജനാരോഗ്യത്തെ അപകടപ്പെടുത്തുകയില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ? | സി) | തെരുവ് നായ്ക്കളിലെ ത്വക്ക് രോഗങ്ങൾ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് പഠനങ്ങൾ നടത്തിയിട്ടില്ല. തെരുവ്നായ നിയന്ത്രണത്തിനായി മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവരുമായി ചേർന്ന് എ.ബി.സി. പ്രോഗ്രാം (അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം) നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ